ശുചീകരണ ജോലികളും കുടുംബശ്രീ യൂണിറ്റുകളുടെയും സെക്യൂരിറ്റി ജോലികൾ അംഗീകൃത Ex-servicemen സംഘടനകളുടെയും സേവനം ഉപയോഗിച്ച് നിർവ്വഹിക്കുവാനുള്ള സാധ്യത പരിശോധിച്ച് വരുന്നു.

വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം

109(3020) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാർത്ഥികൾക്കിടയിലുള്ള ലഹരി ഉപയോഗം തടയുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശം നൽകുമോ ;

(ബി) സ്കൂൾ പരിസരത്തെ കടകളും അലഞ്ഞുതിരിയുന്ന സാമൂഹ്യ വിരുദ്ധരും വിദ്യാർത്ഥികളുടെ ലഹരി ഉപയോഗത്തെ വർദ്ധിപ്പിക്കുന്ന ഘടകങ്ങളാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(സി) വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം കുറയ്ക്കുന്നതിന് എക്സൈസ്, സാമൂഹ്യക്ഷേമം, ആഭ്യന്തരം എന്നീ വകുപ്പുകളുമായി യോജിച്ചുള്ള പ്രവർത്തനത്തിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

10-ാം ക്ലാസ്സിലെ സാമൂഹ്യപാഠം

110(3021) ഡോ. എൻ. ജയരാജ് :
ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 10-ാം ക്ലാസ്സിലെ സാമൂഹ്യ പാഠത്തിന്റെ പാഠ്യക്രമം ബൃഹത്താണ് എന്നത് സംബന്ധിച്ച് അഭിപ്രായം ഉയർന്നിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) പത്താംതരത്തിൽ പൊതു പരീക്ഷയിൽ കഴിഞ്ഞ വർഷത്തെ റിസൾട്ടിൽ ഇതര വിഷയങ്ങൾക്ക് ഉയർന്ന് ഗ്രേഡ് ലഭിച്ചവരിൽ പലർക്കും സാമൂഹ്യ പാഠത്തിനു ഉയർന്ന ഗ്രേഡ് കരസ്ഥമാക്കാൻ കഴിഞ്ഞിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly